(ഡി) കനാലിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് സഞ്ചാര യോഗ്യമാക്കുന്നതിനും കനാലിന്റെ ഇരുകരകളിലും യാത്ര ചെയ്യുന്നവർക്ക് നടപ്പാതകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**ഉത്തരം**

(എ) ഉണ്ട്.

(ബി) താനൂർ-കൂട്ടായി കനാലിന്റെ ആകെ നീളം 18.30 കി.മീ. ആണെങ്കിലും താനൂർ മണ്ഡലത്തിലൂടെ കടന്നുപോകുന്ന കനോലി കനാലിന്റെ (താനൂർ-കൂട്ടായി കനാൽ) നീളം 11 കി.മീ. ആണ്. കനാലിന്റെ ഇരുവശങ്ങളും കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിയും ആഴംകൂട്ടലും വീതി കൂട്ടലിനുമായുള്ള രണ്ട് പ്രവൃത്തികൾ 1920 മീറ്റർ നീളത്തിലാണ് നടന്നുവരുന്നത്. ഇതിൽ ചെ. 341.14 കി.മീ മുതൽ 342.10 കി.മീ. വരെയുള്ള പ്രവൃത്തി 25% പൂർത്തീകരിക്കുകയും അടുത്ത പ്രവൃത്തിയായ ചെ. 342.10 കി.മീ. മുതൽ 343.06 കി.മീ. വരെയുള്ള പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ശേഷിക്കുന്ന 9.724 കി.മീ. നീളത്തിൽ 51.90 ലക്ഷം രൂപയുടെ 4 പ്രവൃത്തികൾ സംസ്ഥാന ഫണ്ടിൽ ഉൾപ്പെടുത്തി നടത്തുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.

(ഡി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കനാൽ പൂർണ്ണമായും സഞ്ചാര യോഗ്യമാക്കുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്. കനാൽ ഗതാഗതയോഗ്യ മായതിനുശേഷം സ്ഥലം ലഭ്യമായാൽ നടപ്പാത നിർമ്മാണം പരിഗണിക്കാവുന്നതാണ്.

**റാന്നി ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് ഭൂമി ലഭ്യമാക്കുന്നതിന് നടപടി**

143 (4429) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഐ.പി. യുടെ വകയിലുള്ള റാന്നി ഉതിമൂട്ടിലെ വസ്തു റാന്നി ഗവൺമെന്റ് ഐ.ടി.ഐ. യ്ക്കുകൈമാറണമെന്നാവശ്യപ്പെട്ട് റാന്നി എം.എൽ.എ എന്നാണ് വകുപ്പ് മന്ത്രിക്ക് കത്തു നൽകിയത്; എത്ര ഭൂമിയാണ് ഇങ്ങനെ കൈമാറാനായി ആവശ്യപ്പെട്ടത്; ഇതുസംബന്ധിച്ച് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് അനുമതി നൽകിയത്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഭൂമി എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റിന് കൈമാറിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ഭൂമി അടിയന്തരമായി കൈമാറുന്നതിനു എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ - സി) റാന്നി ഗവൺമെന്റ് ഐ.ടി.ഐ.-ക്കുവേണ്ടി 12-5-2010-ൽ 4 ഏക്കറും 19-6-2012-ൽ 3 ഏക്കറും ഭൂമി വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. രാജു എബ്രഹാം, എം.എൽ.എ. ബഹു. ജലവിഭവ വകുപ്പ് മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. 27-6-2014-ലെ 30863/ഐ.ആർ. I/12/ജവിവ നമ്പർ കത്ത് പ്രകാരം 0.749 ഹെക്ടർ ഭൂമി ഈ ആവശ്യത്തിനായി വ്യാവസായിക പരിശീലന വകുപ്പിന് സൗജന്യമായി വിട്ടുനൽകുവാൻ ജലവിഭവ വകുപ്പ് അനുമതി നൽകി തുടർ നടപടികൾ കൈക്കൊള്ളുവാൻ പദ്ധതി വിഭാഗം 2 ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി. അതിനെ തുടർന്ന് ഭൂമി വിട്ടുനൽകി ഉത്തരവാകുന്നതിനു വേണ്ട 22-12-2000-ലെ സ.ഉ.(കൈ) 387/2000/റവ. എന്ന ഉത്തരവ് വ്യവസ്ഥ ചെയ്യുന്ന തുടർ നടപടികൾ കൈക്കൊണ്ട് വരികയാണ്.

**ഏറനാട് മണ്ഡലത്തിലെ മേജർ, മൈനർ ഇറിഗേഷൻ പദ്ധതികൾ**

144 (4430) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേജർ, മൈനർ ഇറിഗേഷൻ വിഭാഗങ്ങളിലൂടെ മലപ്പുറം ജില്ലയിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ; വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കിയോ ; ഇനിയും ഏതെല്ലാം പദ്ധതികളാണ് ഏറനാട് മണ്ഡലത്തിൽ ഭരണാനുമതി ലഭിക്കാനായി സർക്കാരിന്റെ പരിഗണനയിലുള്ളത് ; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേജർ, മൈനർ ഇറിഗേഷൻ വിഭാഗത്തിൽ മലപ്പുറം ജില്ലയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly